"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ.ഡി - പശ്ചിമതീര കനാൽ (വെസ്റ്റ് കോസ്റ്റ് കനാൽ) വികസനം- വർക്കല ഭാഗത്തെ പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് കിഫ്ബി ഫണ്ടിൽ നിന്നും 2,21,98,012/- രൂപ അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

**സ.ഉ.(കൈ) നം.3/2022/CSIND തീയതി,തിരുവനന്തപുരം, 02-07-2022**

---

പരാമർശം:-

1. 16/03/2020 ലെ സ.ഉ.(സാധാ.)07/2020/സി.എസ്.ഐ.എൻ.ഡി.
2. 06/11/2020 ലെ സ.ഉ.(സാധാ)നം.20/2020/ സി.എസ്.ഐ.എൻ.ഡി.
3. 16/07/2021 ലെ സ.ഉ.(സാധാ)നം.12/2021/സി.എസ്.ഐ.എൻ.ഡി.
4. 04/08/2021 ലെ സ.ഉ.(സാധാ)നം.16/2021/സി.എസ്.ഐ.എൻ.ഡി.
5. ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 21/04/2022 ലെ ഡി4/1765/ ഡി.ഐ.ആർ/ഐ.എൻ.റ്റി.ഡി/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വെസ്റ്റ് കോസ്റ്റ് കനാൽ (പശ്ചിമ തീര കനാൽ)-ന്റെ ഭാഗമായ ടി.എസ്. കനാലിന്റെ വർക്കല ഭാഗത്തെ വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കേണ്ടി വരുന്ന 60 കുടുംബങ്ങളെ മത്സ്യബന്ധന വകുപ്പിന്റെ പുനർഗേഹം പദ്ധതിയുടെ മാതൃകയിൽ സി.എസ്.ഐ.എൻ.ഡി. പ്ലാൻ ഫണ്ടിൽ നിന്നും ഒരു കുടുംബത്തിന് പരമാവധി 10ലക്ഷം രൂപ നിരക്കിൽ ചെലവഴിച്ച് പുനരധിവസിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം ഭരണാനുമതി നല്കിയിരുന്നു. 04/11/2020ൽ കൂടിയ മന്ത്രിസഭായോഗം ഈ നടപടി സാധൂകരിക്കുകയും അതിൻ പ്രകാരം പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിൻ പ്രകാരം 60 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 6 കോടി രൂപ മത്സ്യബന്ധനവകുപ്പിന് അനുവദിക്കുകയും ചെയ്തിരുന്നു. കൂടാതെ 16 കുടുംബങ്ങളെ കൂടി ഇപ്രകാരം പുനരധിവസിപ്പിക്കുന്നതിന് 1.60 കോടി രൂപയുടെ ഭരണാനുമതി പരാമർശം (3) പ്രകാരവും നല്കിയിരുന്നു.

2. മേൽപ്പറഞ്ഞ പ്രകാരം 76 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭരണാനുമതി നല്കിയതിൽ 10 കുടുംബങ്ങൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ അവരെ ഒഴിവാക്കി ബാക്കിയുള്ള 66 കുടുംബങ്ങളെയാണ് പുനരധിവസിപ്പിക്കുന്നതെന്നും, പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തിയാകാൻ ഇനിയും ബാക്കിയുള്ള 36 കുടുംബങ്ങൾ ക്കായി 1,61,98,012/- രൂപ ഈ സാമ്പത്തിക വർഷം ആവശ്യമുണ്ടെന്നും പരാമർശം(4) പ്രകാരം ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടർ അറിയിക്കുകയുണ്ടായി. ഇത് കൂടാതെ കുടുംബശ്രീ നടത്തിയ സർവ്വെയിൽ കണ്ടെത്താതിരുന്നതിനാൽ അംഗീകരിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ തൊട്ടിപ്പാലത്തെ നടപ്പാലത്തിനും ചിലക്കൂർ ആർച്ച് പാലത്തിനും ഇടയിൽ പദ്ധതിയുടെ പ്രവൃത്തി പുരോഗതിക്ക്

തടസ്സമായി നിൽക്കുന്നതുമായ 3 കുടുംബങ്ങളെ കൂടി പുനരധിവസിപ്പിക്കുന്നതിന് 30 ലക്ഷം രൂപയും, ഇനിയും ഒഴിഞ്ഞുപോകാത്ത 30 കുടുംബങ്ങൾ ക്ക് വാടകയിനത്തിൽ 50,000/-രൂപയും, മറ്റു ചെലവിനത്തിൽ 50,000/-രൂപയും, ഉൾ പ്പെടെ ഒരു കുടുംബത്തിന് ആകെ ഒരു ലക്ഷം രൂപ എന്ന നിരക്കിൽ 30 കുടുംബത്തിന് 30,00,000/- രൂപയും ഈ സാമ്പത്തിക വർഷം ആവശ്യമായി വരുമെന്നും മേൽപ്പറഞ്ഞവയെല്ലാമായി ആകെ ആവശ്യമായി വരുന്ന 2,21,98,012/- രൂപ കിഫ്ബി ഫണ്ടിൽ നിന്നും അനുവദിക്കണമെന്നും, തുക സ്വീകരിച്ച് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിനെ ഏൽപ്പിക്കുന്നതിന് കിൽ (KWIL) നെ ചുമതലപ്പെടുത്തണമെന്നും ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

**പുനരധിവാസത്തിന് ആവശ്യപ്പെട്ട തുകയുടെ വിശദാംശങ്ങൾ**

| ക്രമ നം. | വിശദാംശം | കുടുംബങ്ങളുടെ എണ്ണം | തുക |
|---|---|---|---|
| 1. | ഭവന നിർമ്മാണം ഒന്ന്, രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിക്കേണ്ടവർ | 14 | 85,48,010/- |
| 2. | ഭവന നിർമ്മാണം രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിക്കേണ്ടവർ | 6 | 22,26,894/- |
| 3. | ഭവന നിർമ്മാണം മൂന്ന് ഗഡുക്കൾ അനുവദിക്കേണ്ടവർ | 12 | 14,23,108/- |
| 4. | വസ്തു വാങ്ങുന്നതിനും ഭവന നിർമ്മാണ ത്തിനും തുക അനുവദിക്കേണ്ടവർ (പത്ത് ലക്ഷം രൂപ /കുടുംബം ) | 4 | 40,00,000/- |
| 5. | അധികമായി പുനരധിവസിപ്പിക്കേണ്ടവർ (പത്ത് ലക്ഷം രൂപ /കുടുംബം ) | 3 | 30,00,000/- |
| 6. | വാടക, മറ്റു ചെലവുകൾ എന്നിവക്കായി അധികമായി നല്കേണ്ടത് (ഒരു ലക്ഷം രൂപ /കുടുംബം) | 30 | 30,00,000/- |
| **ആകെ** | | | **2,21,98,012/-** |

3. ടി.എസ്. കനാലിന്റെ കോവളം - വർക്കല ഭാഗത്തെ വികസനത്തിന് 247.2 കോടി രൂപയുടെ പുനരധിവാസ പാക്കേജ് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നതിന് പരാമർശം (4) പ്രകാരം തത്വത്തിലുള്ള അനുമതി നല്കിയിരുന്നു. കോവളം - വർക്കല ഭാഗത്തെ വികസനത്തിന് കനാലിന്റെ തീരത്ത് താമസിക്കുന്നവരെ അടിയന്തരമായി ഒഴിപ്പിക്കേണ്ടതുള്ളതിനാലും, നടപ്പ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് അനുവദിക്കുന്നതിന് അൽപം കാലവിളംബം ഉണ്ടാകാൻ ഇടയുള്ളതുകൊണ്ടും, പുനരധിവാസം അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ തുക കിഫ്ബി ഫണ്ടിൽ നിന്നും അനുവദിയ്ക്കാമെന്നും, KWIL മുഖാന്തിരം നടപ്പാക്കുന്ന കോവളം - വർക്കല പുനരധിവാസ പാക്കേജിൽ ഇതുൾപ്പെടുത്തുന്നത് പരിശോധിക്കാമെന്നും കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ പദ്ധതി നടപ്പാക്കൽ പുരോഗതി അവലോകനം ചെയ്യുന്നതിനായി 30/03/2022-ൽ കൂടിയ യോഗത്തിൽ തീരുമാനിക്കുകയും ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി.എസ്. കനാലിന്റെ വർക്കല ഭാഗത്തെ വികസനവുമായി ബന്ധപ്പെട്ട് പുനർഗേഹം മോഡൽ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ടതും പുനരധിവാസം പൂർത്തിയാക്കാൻ ഇനിയും ബാക്കിയുള്ള 36 കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് 1,61,98,012/- രൂപയും അധികമായി പുനരധിവസിപ്പിക്കേണ്ട 3 കുടുംബങ്ങളുടെ പുനരധിവാസത്തിനായി 30,00,000/- രൂപയും ഇനിയും ഒഴിഞ്ഞുപോകാത്ത 30 കുടുംബങ്ങൾക്ക് വാടക, മറ്റു ചെലവുകൾ എന്നിവ അധികമായി നല്കുന്നതിന് 30,00,000/- രൂപയും ഉൾപ്പെടെ ആകെ 2,21,98,012/- രൂപ (രണ്ട് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി പന്ത്രണ്ട് രൂപ മാത്രം) കിഫ്ബി ഫണ്ടിൽ നിന്നും സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) മുഖേന അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ

ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ് ,ആശ്രാമം, കൊല്ലം.

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL), കൊച്ചി.

ചീഫ് എഞ്ചിനീയർ, കേരള വാട്ടർവേയ്സ് ആന്റ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL), കൊച്ചി.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്, തിര

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി.) വകുപ്പ്. (29/06/2022 തീയതിയിലെ ഇനം നമ്പർ 873)

ധനകാര്യ വകുപ്പ് (E. 1573486 No. I&PW-B3/167/2020-FIN തീയതി 15.06.2022)

വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

<u>പകർപ്പ്</u>

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

**Signed by Bimal V**
**Date: 02-07-2022 12:15:12**

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 29-06-2022**

(33)

ഫയൽ നം. എ2/56/2022/സി.എസ്.ഐ.എൻ.ഡി. ഇനം നം: 873

30 JUN

വിഷയം : കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ് - വെസ്റ്റ് കോസ്റ്റ് കനാൽ (പശ്ചിമ തീര കനാൽ)-ന്റെ ഭാഗമായ ടി.എസ്. കനാലിന്റെ വർക്കല ഭാഗത്തെ വികസനത്തിന് പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് കിഫ്ബി ഫണ്ടിൽ നിന്നും 2,21,98,012/- രൂപ അനുവദിക്കുന്നതും, തുക സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ ക്വിൽ മുഖേന ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന് കൈമാറുന്നതും.

AS(CSIND) Pl: issue orders.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

30/6/2022

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്.

(26) 873

**കേരള സർക്കാർ**

***[ ശ്രീ. പിണറായി വിജയൻ മന്ത്രിസഭ ]***

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | എ 2 / 56 / 2022 / സി.എസ്.ഐ.എൻ.ഡി. |
| 2 | വകുപ്പ് | : | കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ)വകുപ്പ് |
| 3 | വിഷയം | : | വെസ്റ്റ് കോസ്റ്റ് കനാൽ (പശ്ചിമ തീര കനാൽ) ന്റെ ഭാഗമായ ടി.എസ്. കനാലിന്റെ വർക്കല ഭാഗത്തെ വികസനത്തിന് പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് കിഫ്ബി ഫണ്ടിൽ നിന്നും 2,21,98,012/- രൂപ അനുവദിക്കുന്നതും, തുക സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കിൽ മുഖേന ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന് കൈമാറുന്നതും - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവു തീയതി | : | 07/05/2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ, കിഫ്ബി ഫണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട്, ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ലീമ മാനുവൽ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര്. | : | ശ്രീ. ടി. കെ. ജോസ് |
| 9 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20 / 06 / 2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര്. | : | ഡോ. വി. പി. ജോയ് |
| 11 | മന്ത്രിസഭക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21 / 06 / 2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 26 / 06 / 2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27 / 06 / 2022 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. വെസ്റ്റ് കോസ്റ്റ് കനാൽ (പശ്ചിമ തീര കനാൽ) ന്റെ ഭാഗമായ ടി.എസ്. കനാലിന്റെ വർക്കല ഭാഗത്തെ വികസനത്തിന് പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് കിഫ്ബി ഫണ്ടിൽ നിന്നും 2,21,98,012/- രൂപ അനുവദിക്കുന്നതും തുക സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) മുഖാന്തിരം ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന് കൈമാറുന്നതും സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ് .

2. ടി.എസ്. കനാലിന്റെ വർക്കല ഭാഗത്തെ വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കേണ്ടി വരുന്ന 60 കുടുംബങ്ങളെ മത്സ്യബന്ധന വകുപ്പിന്റെ പുനർഗേഹം പദ്ധതിയുടെ മാതൃകയിൽ സി.എസ്.ഐ.എൻ.ഡി. പ്ലാൻ ഫണ്ടിൽ നിന്നും ഒരു കുടുംബത്തിന് പരമാവധി 10 ലക്ഷം രൂപ നിരക്കിൽ ചെലവഴിച്ച് പുനരധിവസിപ്പിക്കുന്നതിന് ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ട് 16.03.2020 ലെ സ.ഉ.(സാധാ.)07/2020/CSIND പ്രകാരം ഭരണാനുമതി നല്കിയിരുന്നു. 04/11/2020 ൽ കൂടിയ മന്ത്രിസഭായോഗം ഈ നടപടി സാധൂകരിക്കുകയും അതിൻ പ്രകാരം 06/11/2020 ൽ സ.ഉ.(സാധാ) നം. 20/2020/സി.എസ്.ഐ.എൻ.ഡി, ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവിൻ പ്രകാരം 60 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 6 കോടി രൂപ മത്സ്യബന്ധനവകുപ്പിന് അനുവദിക്കുകയും ചെയ്തിരുന്നു. കൂടാതെ 16 കുടുംബങ്ങളെ കൂടി ഇപ്രകാരം പുനരധിവസിപ്പിക്കുന്നതിന് 1.60 കോടി രൂപയുടെ ഭരണാനുമതി 16.07.2021 ലെ സ.ഉ.(സാധാ)നം.12/2021/CSIND പ്രകാരം നല്കിയിരുന്നു. മേൽപ്പറഞ്ഞ പ്രകാരം 76 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭരണാനുമതി നല്കിയതിൽ 10 കുടുംബങ്ങൾ ഫിഷറീസ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന പുനർഗേഹം പദ്ധതിയിൽ

ഉൾപ്പെട്ടിട്ടുള്ളതിനാൽ അവരെ ഒഴിവാക്കി ബാക്കിയുള്ള 66 കുടുംബങ്ങളെയാണ് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവുകൾ പ്രകാരം പുനരധിവസിപ്പിക്കുന്നത്. പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഇതിനോടകം ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക | സാമ്പത്തിക വർഷാവസാനം സറണ്ടർ ചെയ്ത തുക |
|---|---|---|---|
| 2020-21 | 6,00,00,000 /- | 2,37,50,241 /- | 3,62,49,759 /- |
| 2021-22 | 4,92,49,759 /- | 2,60,51,747 /- | 2,31,98,012 /- |

പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തിയാകാൻ ഇനിയും ബാക്കിയുള്ള 36 കുടുംബങ്ങൾക്കായി 1,61,98,012/- രൂപ ഈ സാമ്പത്തിക വർഷം ആവശ്യമുണ്ടെന്ന് ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇത് കൂടാതെ കുടുംബശ്രീ സർവ്വെ നടത്തിയ സമയങ്ങളിൽ വീടുകളിൽ ആളില്ലാതിരുന്നതിനാൽ അംഗീകരിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും എന്നാൽ തൊട്ടിപ്പാലത്തെ നടപ്പാലത്തിനും ചിലക്കൂർ ആർച്ച് പാലത്തിനും ഇടയിൽ പദ്ധതിയുടെ പ്രവൃത്തി പുരോഗതിക്ക് തടസ്സമായി നിൽക്കുന്നതുമായ 3 കുടുംബങ്ങളെ കൂടി പുനരധിവസിപ്പിക്കേണ്ടതുണ്ടെന്നും ആ കുടുംബങ്ങളെ കൂടി പുനരധിവാസ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് 30 ലക്ഷം രൂപയും, ഇനിയും ഒഴിഞ്ഞുപോകാത്ത 30 കുടുംബങ്ങൾക്ക് വാടകയിനത്തിൽ 50,000/-രൂപയും, മറ്റു ചെലവിനത്തിൽ 50,000/-രൂപയും, ഉൾപ്പെടെ ഒരു കുടുംബത്തിന് ആകെ ഒരു ലക്ഷം രൂപ എന്ന നിരക്കിൽ 30 കുടുംബത്തിന് 30,00,000/- രൂപയും ഈ സാമ്പത്തിക വർഷം ആവശ്യമായി വരുമെന്നും ഡയറക്ടർ അറിയിച്ചിരുന്നു. മേൽപ്പറഞ്ഞവയെല്ലാമായി ആകെ ആവശ്യമായി വരുന്ന 2,21,98,012/- രൂപ കിഫ്ബി ഫണ്ടിൽ നിന്നും അനുവദിക്കണമെന്നും, തുക സ്വീകരിച്ച് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിനെ ഏൽപ്പിക്കുന്നതിന് കിൽ (KWIL) നെ ചുമതലപ്പെടുത്തണമെന്നും ഉൾനാടൻ ജലഗതാഗത വകുപ്പ് ഡയറക്ടർ

ആവശ്യപ്പെട്ടുകയുണ്ടായി. അനുവദിക്കേണ്ട തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നം. | വിശദാംശം | കുടുംബങ്ങളുടെ എണ്ണം | തുക |
|---|---|---|---|
| 1. | ഭവന നിർമ്മാണം ഒന്ന്, രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിക്കേണ്ടവർ | 14 | 85,48,010/- |
| 2. | ഭവന നിർമ്മാണം രണ്ട്, മൂന്ന് ഗഡുക്കൾ അനുവദിക്കേണ്ടവർ | 6 | 22,26,894/- |
| 3. | ഭവന നിർമ്മാണം മൂന്ന് ഗഡുക്കൾ അനുവദിക്കേണ്ടവർ | 12 | 14,23,108/- |
| 4. | വസ്തു വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനും തുക അനുവദിക്കേണ്ടവർ (പത്ത് ലക്ഷം രൂപ /കുടുംബം ) | 4 | 40,00,000/- |
| 5. | അധികമായി പുനരധിവസിപ്പിക്കേണ്ടവർ (പത്ത് ലക്ഷം രൂപ /കുടുംബം ) | 3 | 30,00,000/- |
| 6. | വാടക, മറ്റു ചെലവുകൾ എന്നിവക്കായി അധികമായി നല്കേണ്ടത് (ഒരു ലക്ഷം രൂപ /കുടുംബം) | 30 | 30,00,000/- |
| | **ആകെ** | | **2,21,98,012/-** |

29 3. ടി.എസ്. കനാലിന്റെ കോവളം - വർക്കല ഭാഗത്തെ വികസനത്തിന് 247.2 കോടി രൂപയുടെ പുനരധിവാസ പാക്കേജിന് കിഫ്ബി ഇതിനോടകം അനുമതി നല്കിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് അനുവദിക്കുന്നതിന് അൽപം കാലവിളംബം ഉണ്ടാകാൻ ഇടയുള്ളതുകൊണ്ടും, ജലപാതാ വികസനം മുൻഗണനാ പദ്ധതിയായതുകൊണ്ടും പുനർഗേഹം മോഡൽ

പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ടതും പുനരധിവാസം പൂർത്തിയാക്കാൻ ബാക്കിയുള്ളതുമായ 36 കുടുംബങ്ങളുടെ പുനരധിവാസം അടിയന്തരമായി പൂർത്തിയാക്കുന്നതിനാവശ്യമായ 1,61,98,012/- രൂപ കിഫ്ബി ഫണ്ടിൽ നിന്നും അനുവദിയ്ക്കാമെന്നും, KWIL മുഖാന്തിരം നടപ്പാക്കുന്ന കോവളം - വർക്കല പുനരധിവാസ പാക്കേജിൽ ഇതുൾപ്പെടുത്തുന്നത് പരിശോധിക്കാമെന്നും കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അദ്ധ്യക്ഷതയിലും ബഹു. വർക്കല എം.എൽ.എ, അഡീഷണൽ ചീഫ് സെക്രട്ടറി (സി.എസ്.ഐ.എൻ.ഡി), ഇൻലാന്റ് നാവിഗേഷൻ ഡയറക്ടർ, എന്നിവരുടെ സാന്നിധ്യത്തിലും 30/03/2022-ൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിരുന്നു.

30 4. KIIFB ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കണമെന്ന അഭ്യർത്ഥന സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി :

> "വർക്കല ഭാഗത്തെ ടി. എസ്. കനാലിന്റെ വികസനവുമായി ബന്ധപ്പെട്ട്, 2,21,98,012/- രൂപ കിഫ്ബി ഫണ്ടിൽ നിന്നും കിൽ (KWIL) മുഖേന ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന് കൈമാറുന്നത് സംബന്ധിച്ച ഭരണ വകുപ്പിന്റെ അപേക്ഷ അംഗീകരിക്കുന്നു".

31 5. മേൽ പ്രവൃത്തിയ്ക്കായി 2,21,98,012/- രൂപ കിഫ്ബി ഫണ്ട് അനുവദിക്കുന്നതും പ്രസ്തുത തുക SPV ആയ KWIL മുഖാന്തിരം ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന് കൈമാറുന്നതും സംബന്ധിച്ച് ഉത്തരവിനായി ഫയൽ ബഹു. മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

(32) ടി. എസ്. കനാലിന്റെ വർക്കല ഭാഗത്തെ വികസനവുമായി ബന്ധപ്പെട്ട് പുനർഗേഹം മോഡൽ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെട്ടതും പുനരധിവാസം പൂർത്തിയാക്കാൻ ഇനിയും ബാക്കിയുള്ള 36 കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തിയാക്കുന്നതിന് 1,61,98,012/- രൂപയും അധികമായി പുനരധിവസിപ്പിക്കേണ്ട 3 കുടുംബങ്ങളുടെ പുനരധിവാസത്തിനായി 30,00,000/- രൂപയും ഇനിയും ഒഴിഞ്ഞുപോകാത്ത 30 കുടുംബങ്ങൾക്ക് വാടക, മറ്റു ചെലവുകൾ എന്നിവ അധികമായി നല്കുന്നതിന് 30,00,000/- രൂപയും ഉൾപ്പെടെ ആകെ 2,21,98,012/- രൂപ കിഫ്ബി ഫണ്ടിൽ നിന്നും കിൽ (KWIL) മുഖേന അനുവദിക്കുന്നതിന് അനുമതി നല്കാമോ ?